**MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION**

( Under the Holy Apostolic See of Antioch and All the East ) Reg.No. ER/308/07

**KOTTAYAM DIOCESE**

https://mjssakottayamdiocese.com
https://www.facebook.com/M.J.S.S.A.KottayamDiocese
mjssakottayamdiocese@gmail.com

**AVINESH ABRAHAM THANDASSERIL**
**DIRECTOR**
MJSSA KOTTAYAM DIOCESE
9061200790


**No: KTYM/ D/ Academic / 16**

**Date : 19.05.2026**

---

# MJSSA കലോത്സവം 2026

## ജൂണിയർ ( Date of Birth 01.01.2014 to 31.12.2017 )

## " നല്ലതിനെ മുറുകെ പിടിക്കണം"
## ( 1 തെസലോനിക്യർ 5:21 )

റവ.ഫാ.അഭിലാഷ് ഏബ്രഹാം വലിയവീട്ടിൽ, റവ.ഫാ. സഞ്ചു മാനുവൽ കിടങ്ങേത്ത് എന്നിവരുടെ നേതൃത്വത്തിൽ എം.ജെ.എസ്.എസ്.എ കോട്ടയം ഭദ്രാസന കമ്മിറ്റി തയ്യാറാക്കിയ ജൂണിയർ വിഭാഗത്തിനുള്ള മാതൃക പ്രസംഗങ്ങൾ

---------------------------------------- ---

**Prepared By**



**Rev. Fr. Abhilash Abraham Valiyaveettil**

**Vicar**

**St.John's Jacobite Syrian Church**
**Kumarakom**



**Rev. Fr. Sanju Manuel Kidangethu**

**Vicar**

**St.Ignatius Jacobite Syrian Church**
**Pallom**

**Assistant Vicar**

**St.John's Jacobite Syrian Church**
**Parampuzha**

KOTTAYAM
19.05.2026

**ഓരോ വിഷയത്തെക്കുറിച്ചും ഈ PDF ൽ നൽകിയിട്ടുള്ള എല്ലാ പ്രസംഗങ്ങളും (Page No: 2 to 10 ) കുട്ടികൾ വായിക്കുകയും, അദ്ധ്യാപകരുടെയും മാതാപിതാക്കളുടെയും സഹായത്തോടെ വിശുദ്ധ ഗ്രന്ഥത്തിൽ നിന്നുള്ള വാക്യങ്ങളിൽ കൂടി (Page No: 11 to 12 ) ഉൾപ്പെടുത്തി പ്രസംഗം പുനർക്രമീകരിക്കുവാനും പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ആമുഖത്തിൽ പ്രസംഗവുമായി ബന്ധപ്പെട്ട, വിഷയത്തിലേക്ക് നയിക്കുന്ന ഒരു ആനുകാലിക സംഭവവും ഉൾപ്പെടുത്തിയാൽ ഉചിതമാവും. ഓരോ വിഭാഗത്തിലും പ്രസംഗത്തിനുള്ള സമയക്രമീകരണവും മനസിലാക്കുക**

**( Junior – 4 Minutes )**

# പ്രസംഗം - 1

ത്രിയേക ദൈവത്തിനു സ്തുതി. ബഹുമാനപ്പെട്ട വിധികർത്താക്കളേ, സ്നേഹം നിറഞ്ഞ അദ്ധ്യാപകരേ, പ്രിയ കൂട്ടുകാരേ... ഇന്ന് നിങ്ങളോട് ഒന്നിച്ച് ചിന്തിക്കുവാനായി എനിക്ക് ലഭിച്ചിരിക്കുന്ന പ്രസംഗവിഷയം പരിശുദ്ധനായ പൗലോസ് ശ്ലീഹാ തെസ്സലോനീക്യർക്ക് എഴുതിയ ഒന്നാം ലേഖനം അതിന്റെ അഞ്ചാം അദ്ധ്യായം ഇരുപതൊന്നാം വാക്യത്തിലെ "നല്ലതിനെ മുറുകെ പിടിക്കുക" എന്നുള്ളതാണ്. **മാറുന്ന ലോകത്ത് മാറാത്ത മൂല്യങ്ങളെ എങ്ങനെ മുറുകെ പിടിക്കാം** എന്നാണ് പൗലോസ് ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നത്.

ക്രിസ്തീയ ജീവിതാഭിവൃദ്ധിയാണ് പ്രധാന ലക്ഷ്യമായി പൗലോസ് അപ്പോസ്തോലന്റെ ഒന്നാം ലേഖനത്തിൽ നാം കാണുന്നത്. ഇതിൽ അഞ്ചാം അദ്ധ്യായം കർത്താവിന്റെ ദിവസത്തിന്റെ പെട്ടെന്നുള്ള വരവിനെക്കുറിച്ചും, വിശ്വാസികളുടെ ഒരുക്കത്തെക്കുറിച്ചും, വിശുദ്ധ ജീവിതത്തിനുള്ള നിർദ്ദേശങ്ങളുമാണ് പ്രധാന ധ്യാനവിഷയങ്ങൾ.

**"നല്ലതിനെ മുറുകെ പിടിക്കാൻ" നാം എന്തു ചെയ്യണം** എന്നതിനെപ്പറ്റി ചില ചിന്തകൾ പങ്കുവെക്കട്ടെ.

**ഒന്നാമതായി... സർവ്വവും ശോധന ചെയ്യണം.**

നല്ലതിനെ മുറുകെ പിടിക്കുന്നതിന്റെ ആദ്യപടി സർവ്വവും ശോധന ചെയ്യുക എന്നുള്ളതാണ്. നമ്മുടെ ജീവിതത്തിൽ പല കാര്യങ്ങളും ഉണ്ടാകും. **നമ്മൾ ബുദ്ധിയോടും വിവേകത്തോടും പരിശോധിച്ച്** നല്ലതിനെ മാത്രം സ്വീകരിച്ച് മുറുകെ പിടിക്കണം. **1 യോഹന്നാൻ 4:1** *"...നിങ്ങൾ എല്ലാ ആത്മാക്കളെയും വിശ്വസിക്കാതെ, അവർ ദൈവത്തിൽ നിന്നുള്ളവരോ എന്ന് വേർതിരിച്ച് അറിയണം"* അതായത് ശോധന ചെയ്യണം. ഇന്ന് നമ്മുടെ ചുറ്റുപാടുകളിലേക്ക് നോക്കൂ... സോഷ്യൽ മീഡിയ, ടെലിവിഷൻ, ഫോൺ, കൂട്ടുകാർ, ഇന്റർനെറ്റ് തുടങ്ങിയവ.. എല്ലാം നല്ലതാണോ? അല്ലെങ്കിൽ എല്ലാം മോശമാണോ? ഇവിടെയാണ് "ശോധന" എന്ന വാക്കിന്റെ അർത്ഥം നാം മനസ്സിലാക്കേണ്ടത്. നല്ലതിനെ മുറുകെ പിടിക്കുക എന്നാൽ മോശമായ റീലുകളോ പോസ്റ്റുകളോ കാണാതെ, അറിവ് തരുന്ന കാര്യങ്ങൾ മാത്രം

സ്വീകരിക്കുക എന്നത് ശ്രദ്ധിക്കുക. **"ദൈവവചനം" എന്ന അളവുകോൽ വെച്ച് നോക്കാൻ** നമുക്ക് സാധിക്കട്ടെ. **സഭാപ്രസംഗി 12:1**-ൽ *<u>"നിന്റെ യൗവനകാലത്തു നിന്റെ സ്രഷ്ടാവിനെ ഓർത്തുകൊൾക"</u>* എന്ന് പറഞ്ഞിരിക്കുന്ന പോലെ നാം എന്തു ചെയ്യുന്നതിന് മുമ്പും "ഇത് നല്ലതാണോ?" എന്ന് ദൈവവചനം കൊണ്ട് പരിശോധിക്കണം.

**രണ്ടാമതായി... നല്ലതിനെ മാത്രം മുറുകെ പിടിക്കണം.**

ചെറുപ്പത്തിൽ തന്നെ ശോധന ചെയ്യാൻ പഠിച്ചാൽ വലുതാകുമ്പോൾ തെറ്റിലേക്ക് പോകില്ല. **സങ്കീർത്തനം 34:14**-ൽ *<u>"ദോഷത്തെ വിട്ടുമാറി ഗുണം ചെയ്യുക; സമാധാനത്തെ അന്വേഷിച്ചു അതിനെ പിന്തുടരുക".</u>* കള്ളം പറയുന്നത്, കൂട്ടുകാരെ കളിയാക്കുന്നത്, വഴക്കുണ്ടാക്കുന്നത് - ഇതൊന്നും നല്ലതല്ല. സത്യം പറയുന്നത്, സഹായിക്കുന്നത്, ക്ഷമിക്കുന്നത് - ഇതാണ് നല്ലത്.

**സങ്കീർത്തനം 118:103** *<u>"നിന്റെ വചനങ്ങൾ എന്റെ മേലണ്ണാക്കിനു എത്രയും മാധുര്യമാകുന്നു"</u>* ദിവസവും ദൈവവചനം വായിക്കുന്നത് നല്ലതാണ്. **എഫേസ്യർ 6:1** *<u>"മക്കളേ നിങ്ങളുടെ മാതാപിതാക്കളെ കർത്താവിൽ അനുസരിക്കണം."</u>* വീട്ടിൽ അനുസരണയുള്ളവരായിരിക്കുന്നത് നല്ലതാണ്. **എഫേസ്യർ 4:15** പറയുന്നത് പോലെ *<u>"സ്നേഹത്തിൽ സുസ്ഥിരമായിരുന്ന്"</u>* കൂട്ടുകാരോട് സത്യവും സ്നേഹവും കാണിക്കുന്നത് നല്ലതാണ്. **യാക്കോബ് 1:5** ൽ *<u>"നിങ്ങളിൽ ഒരുവന് ജ്ഞാനം കുറവായിരിക്കുന്നുവെങ്കിൽ കുറ്റപ്പെടുത്താതെ എല്ലാവർക്കും ധാരാളമായി കൊടുക്കുന്ന ദൈവത്തോട് അവൻ യാചിക്കട്ടെ. അവന്നു നൽകപ്പെടും."</u>* പ്രാർത്ഥനയോടെ നല്ലത് തിരഞ്ഞെടുക്കാൻ സഹായിക്കണമേ എന്ന് പ്രാർത്ഥിക്കണം. **യാക്കോബ് 1:22** *<u>"വചനത്തിന്റെ കേൾവിക്കാർ മാത്രമായിരിക്കാതെ അതിനെ അനുഷ്ഠിക്കുന്നവരുമായിരിക്കണം</u>*." സൺഡേ സ്കൂളിൽ പഠിക്കുന്നത് സ്കൂളിലും വീട്ടിലും ചെയ്യുക.

പ്രിയമുള്ളവരേ... മാറിക്കൊണ്ടിരിക്കുന്ന ഈ ലോകത്തിൽ ദൈവത്തിന്റെ നന്മയ്ക്ക് മാറ്റമില്ല. **റോമർ 12:21** പറയുന്നു *<u>"തിന്മ നിങ്ങളെ ജയിക്കരുത്. പിന്നെയോ നിങ്ങൾ നന്മകൊണ്ട് തിന്മയെ ജയിക്കണം."</u>* നമ്മളും ചെറുപ്പം മുതൽ നല്ലതിനെ മുറുകെ പിടിച്ചാൽ ദൈവം നമ്മളെ വലിയ കാര്യങ്ങൾക്കായി ഉപയോഗിക്കും. **നമ്മുടെ ജീവിതം മറ്റുള്ളവർക്ക് വായിക്കാവുന്ന ഒരു ക്രിസ്തുവിന്റെ കത്തായി മാറട്ടെ**. അതുകൊണ്ട് പ്രസംഗവിഷയത്തിൽ പ്രതിപാദിച്ചതുപോലെ ദൈവവചനം വായിച്ച്, പ്രാർത്ഥിച്ച്, അപ്പനമ്മമാരെ അനുസരിച്ച്, സത്യം പറഞ്ഞ്, നന്മ ചെയ്ത് നന്മയെ മുറുകെ പിടിക്കുന്നവരായിരിക്കണം... എന്ന് ആശംസിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു .

ദൈവത്തിന് സ്തുതി.

# പ്രസംഗം - 2

ത്രിയേക ദൈവത്തിന് സ്തുതി.

ബഹുമാന്യ സദസ്സിന് നമസ്കാരം. ഇന്നത്തെ എന്റെ പ്രസംഗ വിഷയം ഒന്ന് തെസ്സലോനിക്യർ അഞ്ചാം അദ്ധ്യായം ഇരുപതൊന്നാം വാക്യമാണ്. "നല്ലതിനെ മുറുകെ പിടിക്കുക". ആയതിനെക്കുറിച്ച് ഏതാനും ചില കാര്യങ്ങൾ പറഞ്ഞുകൊള്ളട്ടെ.

ആത്മീകമായും ധാർമികമായും അധപതിച്ച് വ്യക്തികേന്ദ്രീകൃത ഇഷ്ടങ്ങൾ മാത്രം ശ്രദ്ധ വെച്ച് മനുഷ്യർ അവനവനു വേണ്ടി മാത്രം ജീവിക്കുന്ന **ഈ കാലയളവിൽ ഇന്നത്തെ ചിന്താവിഷയത്തിന് വലിയ പ്രസക്തിയുണ്ട്**. പീഡനങ്ങളെ അഭിമുഖീകരിക്കുന്ന തെസ്സലോനിക്യ സഭയുടെ സ്ഥിരോത്സാഹവും വിശ്വാസവും കണ്ട് അവരെ അഭിനന്ദിക്കുന്നതിനും വിരുദ്ധപദേശങ്ങളിൽ പെട്ട് വിശ്വാസം നഷ്ടപ്പെട്ടു പോകാതിരിക്കുന്നതിനുമായിട്ടാണ് തെസ്സലോനിക്യർക്ക് അപ്പോസ്തോലൻ ലേഖനം എഴുതുന്നത്. പക്വതയാർന്ന ക്രിസ്തീയ ജീവിതത്തിന് നന്മതിന്മകളെ തിരിച്ചറിയുവാനുള്ള വിവേചനവരം അനിവാര്യമാണെന്ന് അപ്പോസ്തോലൻ പറയുന്നു. തെസ്സലോനിക്യർക്ക് എഴുതിയ ഒന്നാം ലേഖനം അഞ്ചാം അദ്ധ്യായം 19,20,21 തിരുവചനങ്ങൾ ഇപ്രകാരമാണ് *"നിങ്ങൾ ആത്മാവിനെ കെടുത്തിക്കളയരുത്. പ്രവചനം തുച്ഛീകരിക്കരുത്. സർവ്വവും ശോധന ചെയ്ത് നല്ലതിനെ മുറുകെപ്പിടിക്കണം. സർവ്വവിധ തിന്മയും വിട്ടോടണം".*

*ആത്മാവിനെ കെടുത്തിക്കളയാതെ നല്ലതിനെ മുറുകെപ്പിടിച്ച് നന്മതിന്മകളെ വിവേചിച്ച് **എങ്ങനെ നമുക്ക് ഒരു ക്രിസ്തീയ ജീവിതം മുൻപോട്ട് നയിക്കാൻ സാധിക്കും**.*

**ഒന്നാമതായി**; **നമ്മുടെ ദേഹം, ദേഹി, ആത്മാവ് എന്നിവ ദൈവവചനത്തോടുള്ള ബന്ധത്തിൽ നിരന്തരമായി നാം സൂക്ഷിക്കണം**. *ദൈവവചനത്തെ നമ്മുടെ ജീവിതത്തിന്റെ പ്രവർത്തി പഥത്തിൽ കൊണ്ടുവരണം.* **രണ്ട് തിമോത്തിയോസ് മൂന്നാം അദ്ധ്യായം 16 മുതലുള്ള തിരുവചനങ്ങളിൽ** അപ്പോസ്തോലൻ ഓർമിപ്പിക്കുന്നത് അതാണ്. ദൈവവചനത്തിലൂടെ നല്ലതിനെ കണ്ടെത്തുവാനായിട്ട് സാധിക്കുമെന്ന് അപ്പോസ്തോലൻ അവിടെ പറയുന്നു. മീഖാ പ്രവാചകന്റെ പുസ്തകം ആറാം അദ്ധ്യായം എട്ടാം തിരുവചനം ഇങ്ങനെയാണ്.

*"നല്ലതെന്തെന്ന്, മനുഷ്യാ അവൻ നിനക്കു വിശദമായി അറിയിച്ചു തന്നിട്ടുണ്ട്. നീതി പ്രവർത്തിക്കുക, കരുണ കാണിക്കുക, ദൈവ മുമ്പാകെ വിനീതനായി ജീവിതം നയിക്കുക. ഇവയല്ലാതെ മറ്റെന്താണ് കർത്താവ് നിന്നോട് ആവശ്യപ്പെടുന്നത്?"* **(മീഖാ 6:8**) അപ്പോൾ വചനത്തിലൂടെ ദൈവം നമുക്ക് നല്ലത് എന്ത് എന്ന് കാണിച്ചു തന്നിട്ടുണ്ട്. ആയതിനെ ജീവിതത്തിന്റെ പ്രവർത്തി പദത്തിൽ കൊണ്ടുവരുവാനായിട്ട് നാം പരിശ്രമിക്കുമ്പോൾ നാം നന്മയുള്ളവരായി മാറും.

**രണ്ടാമതായി**; **നമ്മളെക്കുറിച്ചുള്ള ദൈവത്തിന്റെ തിരുഹിതം തിരിച്ചറിയുക** എന്നുള്ളതാണ്. ഒരു മനുഷ്യനെ എങ്ങനെ തന്നെക്കുറിച്ചുള്ള ദൈവഹിതം തിരിച്ചറിയാൻ സാധിക്കും. **ദൈവം നമ്മളെ എത്രത്തോളം അതിശയകരമായി സൃഷ്ടിച്ചിരിക്കുന്നു** എന്നുള്ളത് ഒന്നാമതായി നാം മനസ്സിലാക്കണം. ദൈവഹിതം തിരിച്ചറിയാനുള്ള രണ്ടാമത്തെ വഴി ദൈവം നമുക്ക് തന്നിരിക്കുന്ന **പ്രത്യേക താലന്തുകളെ നാം കണ്ടെത്തുക** എന്നുള്ളതാണ്. മൂന്നാമതായി ദൈവഹിതം തിരിച്ചറിയാൻ പറ്റുന്നത് **ദൈവം നമുക്ക് തന്നിട്ടുള്ള അവസരങ്ങളിലൂടെയാണ്.** ഉദാഹരണമായി സൺഡേസ്കൂൾ പഠിക്കുവാൻ ദൈവം നമുക്ക് ഒരു അവസരം തന്നു. ഇതിലൂടെ നാം ദൈവത്തിന്റെ മക്കളായി മാറണമെന്ന് ദൈവം ആഗ്രഹിക്കുന്നുണ്ട്. ആ തിരുഹിതം തിരിച്ചറിയുന്നതോടുകൂടി നന്മയിലേക്ക് വളരാൻ, നല്ലതിനെ മുറുകെ പിടിക്കാൻ നമ്മളെ കൊണ്ട് സാധിക്കും.

പ്രിയപ്പെട്ടവരെ **മൂന്നാമതായി മനസ്സിലാക്കേണ്ടത് ക്രിസ്തു കേന്ദ്രീകൃത ജീവിതത്തിലൂടെ നന്മയുടെ പൂർണതയിലേക്ക് വളരാൻ നമുക്ക് പറ്റും** എന്നുള്ളതാണ്. നമ്മളിൽ ജീവിക്കുന്നത് ക്രിസ്തു ചൈതന്യമായി മാറണം. ഗലാത്യർക്ക് എഴുതിയ ലേഖനം രണ്ടാം അദ്ധ്യായം ഇരുപതാം തിരുവചനത്തിൽ പൗലോസ് ശ്ലീഹ പറയുന്നു. *"മ്ശീഹായോടു കൂടെ ഞാൻ ക്രൂശിൽ തറയ്ക്കപ്പെട്ടിരിക്കുന്നു. അതിനാൽ ഇനി ഞാനല്ല ജീവിക്കുന്നത്. മ്ശീഹാ എന്നിൽ ജീവിക്കുന്നു "* **( ഗലാത്യർ 2:20 ) സഭാപിതാവായ വിശുദ്ധനായ ജെറോം** പറയുകയാണ് *"ക്രിസ്തു ചിന്തിച്ചതുപോലെ ചിന്തിക്കുവാനും ക്രിസ്തു പ്രവർത്തിക്കുന്ന പോലെ പ്രവർത്തിക്കുവാനും നാം പരിശ്രമിക്കുമ്പോൾ നാം ക്രിസ്തു ചൈതന്യമായി രൂപാന്തരപ്പെടും".* പ്രിയപ്പെട്ടവരെ, **തന്നെക്കുറിച്ചുള്ള പിതാവിന്റെ തിരുഹിതം തിരിച്ചറിഞ്ഞതും, ലോകത്തോടുള്ള പിതാവിന്റെ സ്നേഹം തിരിച്ചറിഞ്ഞതുമാണ് ക്രിസ്തുവിന്റെ ജീവിതത്തിന്റെ സന്ദേശം** എന്ന് പറയുന്നത്. പൗലോസ് അപ്പോസ്തോലൻ പറഞ്ഞതുപോലെ മ്ശീഹായാണ് എന്നിൽ ജീവിക്കുന്നത് എന്ന് ഒരു വ്യക്തിക്ക് പറയണമെങ്കിൽ അയാളിൽ ഈ രണ്ടു കാര്യങ്ങളും അറിവായി ഉണ്ടായിരിക്കണം.

**<u>അവസാനമായി</u>** നന്മയെ മുറുകെപ്പിടിക്കുവാൻ നാം ചെയ്യേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം എബ്രായാ ലേഖനം പതിമൂന്നാം അദ്ധ്യായം ഏഴാം തിരുവചനത്തിൽ പറഞ്ഞതുപോലെ, *<u>"നിങ്ങളോട് ദൈവവചനം സംസാരിച്ചിട്ടുള്ള നിങ്ങളുടെ ഭരണകർത്താക്കളെ ഓർത്തുകൊള്ളണം. അവരുടെ നടപടികളുടെ അവസാനം ഓർത്ത് അവരുടെ വിശ്വാസത്തെ അനുകരിക്കണം".</u>* **( എബ്രായർ 13:7 )** നമ്മുടെ ആത്മ രക്ഷയക്കും ഭൗതിക ജീവിതത്തിന്റെ വളർച്ചയ്ക്കും ലോക നന്മയക്കും വേണ്ടി അധ്വാനിച്ച പുണ്യപിതാക്കന്മാരുടെ ജീവിത ദർശനം സ്വായത്തമാക്കുവാൻ നാം പരിശ്രമിക്കുമ്പോൾ നന്മയിലേക്ക് നാം വളരും. നല്ലതിനെ മുറുകെപ്പിടിക്കാൻ നമ്മളെകൊണ്ട് സാധിക്കും.

പ്രിയപ്പെട്ടവരെ ദൈവവചനത്തിൽ അടിസ്ഥിതമായി നമ്മെക്കുറിച്ചുള്ള ദൈവഹിതം തിരിച്ചറിഞ്ഞ് പിതാക്കന്മാരുടെ ജീവിതം അനുകരിച്ച് **ക്രിസ്തു കേന്ദ്രീകൃത ജീവിതത്തിലൂടെ നന്മ കണ്ടെത്താനും** അതിനെ മുറുക പിടിച്ചു മുൻപോട്ട് പോകുവാനും ദൈവം നമ്മെ എല്ലാവരെയും സഹായിക്കട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിച്ച് എന്റെ വാക്കുകൾ ചുരുക്കുന്നു. ദൈവനാമം മഹത്വപ്പെടട്ടെ.

**Kottayam Diocese** **Kottayam Diocese** **Kottayam Diocese**

---

# <u>പ്രസംഗം - 3</u>

ത്രിയേക ദൈവത്തിനു സ്തുതി. ബഹുമാനപ്പെട്ട വിധികർത്താക്കളേ, സ്നേഹം നിറഞ്ഞ അദ്ധ്യാപകരേ, പ്രിയ കൂട്ടുകാരേ... ഇന്ന് നിങ്ങളോട് ഒന്നിച്ച് ചിന്തിക്കുവാനായി എനിക്ക് ലഭിച്ചിരിക്കുന്ന പ്രസംഗവിഷയം പരിശുദ്ധനായ പൗലോസ് ശ്ലീഹാ തെസ്സലോനീക്യർക്ക് എഴുതിയ ഒന്നാം ലേഖനം അതിന്റെ അഞ്ചാം അദ്ധ്യായം ഇരുപതൊന്നാം വാക്യത്തിലെ "നല്ലതിനെ മുറുകെ പിടിക്കുക" എന്നുള്ളതാണ്.

ഇന്ന് നാം ജീവിക്കുന്നത് ***വളരെ വേഗത്തിൽ മാറിക്കൊണ്ടിരിക്കുന്ന ഒരു ലോകത്തിലാണ്.*** നല്ലതും ചീത്തയും ഒരുമിച്ച് കലർന്ന ഒരു കാലം. സോഷ്യൽ മീഡിയ, കൂട്ടുകാർ, പുതിയ ആശയങ്ങൾ, പുതിയ ജീവിതരീതികൾ — എല്ലാം നമ്മെ സ്വാധീനിക്കുന്ന കാലം. ഇത്തരം സാഹചര്യത്തിൽ വിശുദ്ധ പൗലോസ് നമ്മോട് വളരെ ശക്തമായ ഒരു ഉപദേശം നൽകുന്നു: *<u>"നിങ്ങൾ ആത്മാവിനെ കെടുത്തിക്കളയരുത്. പ്രവചനം തുച്ഛീകരിക്കരുത്. സർവ്വവും ശോധന ചെയ്ത് നല്ലതിനെ മുറുകെപ്പിടിക്കണം. സർവ്വവിധ തിന്മയും വിട്ടോടണം".</u>* **1 തെസലോനിക്യർ 5:21** ഇവിടെ “മുറുകെ പിടിക്കുക” എന്നത് വിടാതെ പിടിച്ചുനിൽക്കുക, കാത്തുസൂക്ഷിക്കുക, ജീവിതത്തിൽ നടപ്പാക്കുക എന്നർത്ഥമാണ്.

അപ്പോൾ ഒരു ചോദ്യം: എന്തുകൊണ്ടാണ് നല്ലതിനെ "മുറുകെ" പിടിക്കണമെന്ന് ബൈബിൾ പറയുന്നത്? കാരണം നല്ലതിനെ വിട്ടുകളയാൻ ലോകം നമ്മെ എളുപ്പം പ്രേരിപ്പിക്കും; പക്ഷേ പിടിച്ചുനിൽക്കാൻ ധൈര്യം വേണം.

വിശുദ്ധ പൗലോസ് ആദ്യം പറയുന്നു: **സർവ്വവും ശോധന ചെയ്യണം** ; **അതായത്** എല്ലാം പരിശോധിച്ചുനോക്കുവിൻ.. ഇന്ന് പലരും ചോദിക്കാതെ, ചിന്തിക്കാതെ, പരിശോധിക്കാതെ കാര്യങ്ങൾ പിന്തുടരുന്നു.

"എല്ലാവരും ചെയ്യുന്നു..." "ട്രെൻഡാണ്..." "സുഹൃത്തുക്കൾ പറയുന്നു..."

പക്ഷേ **ക്രൈസ്തവ ജീവിതം അന്ധമായ അനുകരണം അല്ല, വിവേകമുള്ള തിരഞ്ഞെടുപ്പാണ്.**

ഒരു ചെറിയ കഥ പറയാം.

ഒരു ഗ്രാമത്തിൽ ഒരു സ്വർണക്കച്ചവടക്കാരൻ ഉണ്ടായിരുന്നു. ആരെങ്കിലും സ്വർണം കൊണ്ടുവന്നാൽ അദ്ദേഹം ആദ്യം തീയിൽ ചൂടാക്കും, അടിക്കും, പരിശോധിക്കും. ശേഷം മാത്രമേ "ഇത് യഥാർത്ഥ സ്വർണമാണ്" എന്ന് പറയൂ. ഒരു ദിവസം ഒരാൾ ചോദിച്ചു: "എന്തിനാണ് ഇത്രയും പരിശോധിക്കുന്നത്?" അദ്ദേഹം മറുപടി പറഞ്ഞു: **"വിലയേറിയത് ആണെങ്കിൽ പരിശോധിക്കാതെ സ്വീകരിക്കരുത്."**

പ്രിയമുള്ളവരേ, ജീവിതത്തിലേക്കു കടന്നുവരുന്ന ഓരോ ചിന്തയും, സൗഹൃദവും, ശീലവും പരിശോധിക്കണം. ഇത് ദൈവത്തിന് പ്രസാദകരമാണോ? ഇത് എന്നെ നല്ലവനാക്കുമോ? ഇത് എന്റെ ആത്മീയജീവിതത്തെ വളർത്തുമോ? നല്ലതിനെ ചെയ്യുന്നത് എപ്പോഴും എളുപ്പമല്ല. സത്യസന്ധത, വിശുദ്ധി, പ്രാർത്ഥന, ക്ഷമ, സ്നേഹം — ഇവ പാലിക്കാൻ ചിലപ്പോൾ ബുദ്ധിമുട്ട് തോന്നും. പക്ഷേ **റോമർ 12:21** പറയുന്നു *"തിന്മ നിങ്ങളെ ജയിക്കരുത്. പിന്നെയോ നിങ്ങൾ നന്മകൊണ്ട് തിന്മയെ ജയിക്കണം."* ഇന്ന് പലരും പറയുന്നു: "ഈ കാലത്ത് നല്ലവനായി ജീവിക്കാൻ പറ്റുമോ?" പക്ഷേ യഥാർത്ഥ ശക്തി ചീത്ത ചെയ്യുന്നതിലല്ല, നല്ലത് പിടിച്ചുനിൽക്കുന്നതിലാണ്.

ബൈബിളിൽ ഒരു മികച്ച മാതൃകയാണ് ദാനിയേൽ. അവൻ ബാബിലോണിൽ ജീവിച്ചപ്പോൾ രാജാവിന്റെ ആഹാരരീതിയും സംസ്കാരവും അവനെ മാറ്റാൻ ശ്രമിച്ചു. പക്ഷേ ബൈബിൾ പറയുന്നു: *"എന്നാൽ രാജാവിന്റെ ഭോജനം കൊണ്ടും അയാൾ കുടിക്കുന്ന വീഞ്ഞു കൊണ്ടും സ്വയം അശുദ്ധമാക്കുകയില്ല എന്നു ദാനിയേൽ മനസ്സിൽ നിശ്ചയിച്ചു"* **ദാനിയേൽ 1:8** അവൻ സാഹചര്യം അനുസരിച്ച് മാറിയില്ല; നല്ലതിനെ മുറുകെ പിടിച്ചു. അതിന്റെ ഫലം? ദൈവം അവനെ ഉയർത്തി. ഇന്നും

കുട്ടികൾക്കും യുവജനങ്ങൾക്കും വലിയ പാഠമാണിത്: **എല്ലാവരും തെറ്റായ വഴിയിലേക്ക് പോകുമ്പോഴും നല്ലത് തിരഞ്ഞെടുക്കാൻ ധൈര്യം വേണം**.

ഒരു അച്ഛൻ തന്റെ മകനോട് ഒരു വെള്ള പത്രവും ഒരു കറുത്ത പുള്ളിയും കാണിച്ചു. അച്ഛൻ ചോദിച്ചു: "നിനക്ക് എന്താണ് കാണുന്നത്?" മകൻ പറഞ്ഞു: "ഒരു കറുത്ത പുള്ളി." അച്ഛൻ ചിരിച്ചുകൊണ്ട് പറഞ്ഞു: "വെള്ള പത്രം മുഴുവൻ നന്മയാണ്; പക്ഷേ കണ്ണ് പോയത് ചെറിയ കറുപ്പിലേക്കാണ്."

ഇന്നും ലോകം അങ്ങനെയാണ്. നല്ലത് കാണാതെ ചീത്തയിലേക്കാണ് ആളുകൾ ആകർഷിക്കപ്പെടുന്നത്. പക്ഷേ ക്രൈസ്തവൻ ആയ നമുക്ക് പഠിക്കേണ്ടത്: നല്ലത് കണ്ടെത്തുകയും അതിനെ മുറുകെ പിടിക്കുകയും ചെയ്യുക എന്നുള്ളതാണ്.

**എന്തെല്ലാം നല്ലതിനെ മുറുകെ പിടിക്കണം?**

**1) നല്ല വിശ്വാസം:** _ ദൈവവിശ്വാസം നഷ്ടപ്പെടുത്തരുത്. *"വിശ്വാസത്തിന്റെ നല്ല യുദ്ധം ചെയ്യുക"* ( **1 തീമോത്തിയോസ് 6:12** )

**2) നല്ല സൗഹൃദങ്ങൾ:** തെറ്റായ കൂട്ടുകെട്ടുകൾ ജീവിതം നശിപ്പിക്കും. *"ചീത്ത സംഭാഷണം സദ് വിചാരങ്ങളെ നശിപ്പിച്ചു കളയുന്നു"* (**1 കൊരിന്ത്യർ 15:33)**

**3) നല്ല സ്വഭാവം :** സത്യസന്ധത, വിനയം, കരുണ.

**4) നല്ല ശീലങ്ങൾ:** പ്രാർത്ഥന, ബൈബിൾ വായന, മാതാപിതാക്കളെ ആദരിക്കൽ.

**5) നല്ല ചിന്തകൾ:** *സത്യമായവയും, പരിപക്വമായവയും, നീതിയായവയും, നിർമ്മലമായവയും, സ്നേഹയോഗ്യമായവയും, സ്തുത്യർഹമായവയും, മഹത്വത്തിന്റെയും പുകഴ്ചയുടേതുമായ പ്രവൃത്തികളും, നിങ്ങൾ ചിന്തിപ്പിൻ* (**ഫിലിപ്പിയർ 4:8** )

പ്രിയപ്പെട്ടവരേ, ജീവിതം ഒരു പിടിച്ചുനിൽപ്പാണ്. കടലിൽ പോകുന്ന ഒരു കപ്പലിന് കൊടുങ്കാറ്റ് വന്നാൽ അത് നങ്കൂരത്തെ മുറുകെ പിടിക്കും. അങ്ങനെ ജീവിതത്തിൽ പരീക്ഷകൾ വരുമ്പോൾ നമ്മളും നല്ലതിനെ മുറുകെ പിടിക്കണം. ലോകം മാറാം. സുഹൃത്തുക്കൾ മാറാം. സാഹചര്യങ്ങൾ മാറാം. പക്ഷേ ദൈവത്തിൽ നിന്നുള്ള നന്മ വിട്ടുകളയരുത്.

ഇന്ന് ദൈവവചനം നമ്മോട് പറയുന്നത് വളരെ വ്യക്തമാണ്: "*സർവ്വവും ശോധന ചെയ്ത് നല്ലതിനെ മുറുകെപ്പിടിക്കണം* " നല്ലതിനെ അറിയുക മാത്രം പോരാ. അത് ജീവിതത്തിൽ ഉറച്ച് പിടിച്ചുനിൽക്കണം. ഇരുട്ട് കൂടുമ്പോഴാണ് വെളിച്ചത്തിന്റെ വില മനസ്സിലാകുന്നത്. അതുപോലെ ചീത്ത വർധിക്കുന്ന ലോകത്തിൽ നല്ലതിനെ പിടിച്ചുനിൽക്കുന്നവരാണ് യഥാർത്ഥ ക്രൈസ്തവർ.

ഇന്ന് നമുക്ക് ഒരു തീരുമാനം എടുക്കാം: ഞാൻ നല്ല വിശ്വാസത്തെ മുറുകെ പിടിക്കും. നല്ല സ്വഭാവത്തെ മുറുകെ പിടിക്കും. ദൈവത്തെ മുറുകെ പിടിക്കും. അവസാനമായി ഒരു വചനം ഓർക്കാം: *"നന്മ ചെയ്യുന്നതിൽ നാം അലസരാകരുത് "* **ഗലാത്യർ 6:9** ദൈവം നമ്മെ നല്ലതിനെ മുറുകെ പിടിക്കുന്ന വിശ്വാസികളാക്കട്ടെ. നന്ദി, നമസ്ക്കാരം

Kottayam Diocese Kottayam Diocese Kottayam Diocese

---

# പ്രസംഗം - 4

ബഹുമാന്യ സദസ്സിന് നമസ്കാരം. പ്രിയപ്പെട്ട സഹോദരങ്ങളെ, **നമ്മുടെ ജീവിതം എന്നത് തിരഞ്ഞെടുപ്പുകളുടെ ഒരു ഘോഷയാത്രയാണ്**. രാവിലെ എഴുന്നേൽക്കുന്നത് മുതൽ രാത്രി ഉറങ്ങുന്നത് വരെ നാം പല കാര്യങ്ങളും കാണുന്നു, കേൾക്കുന്നു, അനുഭവിക്കുന്നു. അപ്പോസ്തലനായ പൗലോസ് ശ്ലീഹാ തെസ്സലോനീക്യർക്ക് എഴുതിയ ഒന്നാം ലേഖനം അതിന്റെ അഞ്ചാം അദ്ധ്യായം ഇരുപതൊന്നാം വാക്യത്തിൽ ഇപ്രകാരം പറയുന്നു: "*സർവ്വവും ശോധന ചെയ്ത് നല്ലതിനെ മുറുകെപ്പിടിക്കണം*." ഇന്നത്തെ എന്റെ പ്രസംഗ വിഷയം "നല്ലതിനെ മുറുകെ പിടിക്കുക". എന്ന വിഷയത്തെക്കുറിച്ച് ഏതാനും ചില കാര്യങ്ങൾ പറഞ്ഞുകൊള്ളട്ടെ.

ഈ ഒരു കൊച്ചു വാക്യത്തിൽ ജീവിതവിജയത്തിന്റെ വലിയൊരു രഹസ്യമുണ്ട്. **ലോകത്തുള്ള എല്ലാത്തിനെയും കണ്ണടച്ച് വിശ്വസിക്കാനല്ല, മറിച്ച് അവയെ 'പരിശോധിക്കാനും' അതിൽ നിന്ന് 'നല്ലതിനെ' വേർതിരിച്ചെടുക്കാനുമാണ്** വചനം നമ്മെ പഠിപ്പിക്കുന്നത്.

**എന്താണ് 'നല്ലതിനെ മുറുകെ പിടിക്കുക' എന്ന് പറഞ്ഞാൽ?**

- **വിവേചിച്ചറിയുക**: നമ്മുടെ മുൻപിൽ വരുന്ന സന്ദേശങ്ങൾ, സൗഹൃദങ്ങൾ, ചിന്തകൾ എന്നിവയെ ദൈവവചനത്തിന്റെ വെളിച്ചത്തിൽ പരിശോധിക്കണം.
- **മുറുകെ പിടിക്കുക**: ഒരു കാറ്റടിച്ചാൽ വീണുപോകാത്ത വിധം ദൃഢമായി പിടിക്കുക എന്നാണ് ഇതിനർത്ഥം. പ്രതിസന്ധികൾ വരുമ്പോൾ മൂല്യങ്ങൾ ഉപേക്ഷിക്കാൻ എളുപ്പമാണ്. എന്നാൽ അവിടെയാണ് യഥാർത്ഥ ക്രിസ്തീയ ജീവിതം വെളിപ്പെടുന്നത്.
- **നാം ഒരു അരിപ്പ (Sieve) പോലെയാകണം**. അരിപ്പ തവിടിനെ കളഞ്ഞിട്ട് നല്ല മാവിനെ മാത്രം താഴേക്ക് വിടുന്നു. നമ്മുടെ മനസ്സാകുന്ന അരിപ്പയിലൂടെ മോശമായതിനെ പുറന്തള്ളാനും ഗുണമുള്ളതിനെ പിടിച്ചുനിർത്താനും നമുക്ക് സാധിക്കണം.

ഒരിക്കൽ ഒരു ശില്പി മനോഹരമായ ഒരു വിഗ്രഹം കൊത്തിയെടുക്കുകയായിരുന്നു. ഒരു വഴിപോക്കൻ വന്ന് അദ്ദേഹത്തോട് ചോദിച്ചു: "ഈ കല്ലിനുള്ളിൽ ഇത്രയും മനോഹരമായ ഒരു രൂപം ഉണ്ടെന്ന് താങ്കൾ എങ്ങനെ അറിഞ്ഞു?" ശില്പി പുഞ്ചിരിച്ചുകൊണ്ട് മറുപടി പറഞ്ഞു: "ഈ കല്ലിനുള്ളിൽ ആ രൂപം നേരത്തെ തന്നെ ഉണ്ടായിരുന്നു. ഞാൻ ചെയ്തത് ആ രൂപത്തിന് ആവശ്യമില്ലാത്ത ഭാഗങ്ങൾ ഉളിയും ചുറ്റികയും ഉപയോഗിച്ച് തട്ടിക്കളയുക മാത്രമാണ്." നമ്മുടെ ജീവിതവും ഇതുപോലെയാണ്. ദൈവം നമ്മെ സൃഷ്ടിച്ചത് അമൂല്യമായ ശില്പങ്ങളായാണ്. എന്നാൽ ലോകത്തിന്റെ മാലിന്യങ്ങളും പാപചിന്തകളും നമ്മെ മൂടിയിരിക്കുന്നു. **ദൈവവചനമാകുന്ന ഉളികൊണ്ട് നമുക്ക് ആവശ്യമില്ലാത്ത 'ചീത്ത' കാര്യങ്ങളെ തട്ടിക്കളഞ്ഞാൽ മാത്രമേ ഉള്ളിലുള്ള 'നല്ല' മനുഷ്യനെ ലോകത്തിന് കാണിച്ചു കൊടുക്കാൻ സാധിക്കൂ**. നല്ലതിനെ മുറുകെ പിടിക്കണമെങ്കിൽ ചീത്തയായതിനെ ഉപേക്ഷിക്കാനുള്ള ആർജ്ജവം നമുക്കുണ്ടാകണം.

നല്ലതിനെ പിടിച്ചുനിൽക്കുന്നതിനെക്കുറിച്ച് ബൈബിൾ പലയിടത്തും ഓർമ്മിപ്പിക്കുന്നു:

**റോമർ 12:9** പറയുന്നു " പിന്നേയോ, നിങ്ങൾ ദുഷ്ടകാര്യങ്ങളെ വെറുക്കുകയും സൽക്കാര്യങ്ങളോടു ചേർന്നിരിക്കയും വേണം" **റോമർ 12:21** പറയുന്നു *"തിന്മ നിങ്ങളെ ജയിക്കരുത്. പിന്നെയോ നിങ്ങൾ നന്മകൊണ്ട് തിന്മയെ ജയിക്കണം."*

"*സത്യമായവയും, പരിപക്വമായവയും, നീതിയായവയും, നിർമ്മലമായവയും, സ്നേഹയോഗ്യമായവയും, സ്തുത്യർഹമായവയും, മഹത്വത്തിന്റെയും പുകഴ്ചയുടേതുമായ പ്രവൃത്തികളും, നിങ്ങൾ ചിന്തിപ്പിൻ*" (**ഫിലിപ്പിയർ 4:8** ) ഈ വചനങ്ങളെല്ലാം വിരൽ ചൂണ്ടുന്നത് ഒരേ ലക്ഷ്യത്തിലേക്കാണ്: നമ്മുടെ മനസ്സ് എപ്പോഴും ദൈവീകമായ നന്മകളിൽ കേന്ദ്രീകരിക്കണം.

പ്രിയമുള്ളവരേ,

നാം എന്തിനെ മുറുകെ പിടിക്കുന്നുവോ അതായി മാറും നമ്മുടെ ഭാവി. ചീത്ത കൂട്ടുകെട്ടുകളെയും പകയെയും വിദ്വേഷത്തെയുമാണ് നാം മുറുകെ പിടിക്കുന്നതെങ്കിൽ നമ്മുടെ ജീവിതം തകർന്നുപോകും. എന്നാൽ സ്നേഹം, ക്ഷമ, പ്രാർത്ഥന, സത്യസന്ധത എന്നീ 'നല്ല' കാര്യങ്ങളെയാണ് നാം പിടിക്കുന്നതെങ്കിൽ, കൊടുങ്കാറ്റിലും നാം തളരില്ല. ഈ ഒരു തീരുമാനത്തോടെ നമുക്ക് മുന്നോട്ട് പോകാം: "ഞാൻ കേൾക്കുന്നതിലും കാണുന്നതിലും നല്ലതിനെ മാത്രം സ്വീകരിക്കും, അതിനെ എന്റെ

ജീവശ്വാസം പോലെ മുറുകെ പിടിക്കും." ദൈവം നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ. നന്ദി, നമസ്ക്കാരം.

.

**Kottayam Diocese** **Kottayam Diocese** **Kottayam Diocese**

---

**<u>പ്രസംഗവിഷയവുമായി ബന്ധപ്പെട്ട് വിശുദ്ധ ഗ്രന്ഥത്തിൽ നിന്നുള്ള വാക്യങ്ങൾ ഇതൊടൊപ്പം നൽകുന്നു. ഇതിൽ നിന്നും ഉചിതമായ വാക്യങ്ങൾ കൂടി ഉൾപ്പെടുത്തി പ്രസംഗം കുട്ടികളുടെ രീതിയിൽ പുനർക്രമീകരിക്കുക.</u>**

**<u>നല്ലതിനെ മുറുകെ പിടിക്കാൻ സഹായിക്കുന്ന ബൈബിൾ വാക്യങ്ങൾ</u>**

**<u>റോമർ 12:9</u>**
" പിന്നേയോ, നിങ്ങൾ ദുഷ്ടകാര്യങ്ങളെ വെറുക്കുകയും സൽക്കാര്യങ്ങളോടു ചേർന്നിരിക്കയും വേണം"

**<u>റോമർ 12:21</u>**
"തിന്മ നിങ്ങളെ ജയിക്കരുത്. പിന്നെയോ നിങ്ങൾ നന്മകൊണ്ട് തിന്മയെ ജയിക്കണം."

**<u>ഫിലിപ്പിയർ 4:8</u>**

"എന്റെ സഹോദരന്മാരേ, സത്യമായവയും, പരിപക്വമായവയും, നീതിയായവയും, നിർമ്മലമായവയും, സ്നേഹയോഗ്യമായവയും, സ്തുത്യർഹമായവയും, മഹത്വത്തിന്റെയും പുകഴ്ചയുടേതുമായ പ്രവൃത്തികളും, നിങ്ങൾ ചിന്തിപ്പിൻ "

**<u>എഫേസ്യർ 6:1</u>**
"മക്കളേ നിങ്ങളുടെ മാതാപിതാക്കളെ കർത്താവിൽ അനുസരിക്കണം."

**<u>ഗലാത്യർ 6:9</u>**
"നന്മ ചെയ്യുന്നതിൽ നാം അലസരാകരുത് "

**<u>റോമർ 12:2</u>**
"നിങ്ങൾ ഈ ലോകത്തോട് അനുരൂപരാകരുത്. പിന്നെയോ നിങ്ങളുടെ മനസ്സിന്റെ പുതുക്കത്താൽ രൂപാന്തരപ്പെടണം. നല്ലതും സ്വീകാര്യവും

പരിപൂർണ്ണവുമായ ദൈവതിരുഹിതം എന്താകുന്നു എന്ന് വിവേചിച്ച് അറിയുവിൻ"

**ആമോസ് 5:14**

“നിങ്ങൾ ജീവിച്ചിരിക്കേണ്ടതിനു തിന്മ അല്ല നന്മ അന്വേഷിപ്പിൻ; അപ്പോൾ നിങ്ങൾ പറയുന്നതുപോലെ ബലവാനായ ദൈവമായ കർത്താവ് നിങ്ങളോടുകൂടെ ഇരിക്കും”

**എഫേസ്യർ 5:10**

നമ്മുടെ കർത്താവിന്റെ സന്നിധിയിൽ നല്ലത് ഏതെന്ന് നിങ്ങൾ വിവേചിച്ചറിയുന്നവരായിരിക്കണം

**2 തിമൊഥെയൊസ് 2:22**

"യുവത്വത്തിന്റെ എല്ലാ മോഹങ്ങളും വിട്ടോടുക. നീതിയുടെയും വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും, നിർമല ഹൃദയത്തോടെ നമ്മുടെ കർത്താവിനെ വിളിച്ചപേക്ഷിക്കുന്നവരോടു കൂടിയുള്ള സമാധാനത്തിന്റെയും പിന്നാലെ പാഞ്ഞെത്തുക "

**യാക്കോബ് 4:17**

"നല്ലതായതിനെ അറിഞ്ഞിട്ട് അത് ചെയ്യാതിരിക്കുന്നത് അവന് പാപമായിത്തീരുന്നു"

-------------------------------------- ---

## https://mjssakottayamdiocese.com/kalolsavam

| Category | Date of Birth | Time | Total Marks |
|---|---|---|---|
| Junior | 01.01.2014 to 31.12.2017 | 4 Minutes | 100 |

| Scoring Indicators | Marks | | Scoring Indicators | Marks |
|---|---|---|---|---|
| ആമുഖം | 5 | | ഭാഷാശുദ്ധി | 10 |
| സഭാകമ്പമില്ലാതെ സംസാരിക്കുവാനുള്ള കഴിവ് | 10 | | ധാരാവാഹിതം Fluency | 10 |
| ആശയസ്ഫുടത | 40 | | സന്ദർഭോചിതമായ ശബ്ദ നിയന്ത്രണം | 10 |
| അക്ഷരസ്ഫുടത | 10 | | ഉപസംഹാരം | 5 |

കുട്ടികളുടെ സർഗ്ഗാത്മ കഴിവുകൾ പരിപോഷിപ്പിക്കുവാനുള്ള മികച്ച വേദിയാണ് കലോത്സവം. ഒരു പ്രസംഗം ആരും എഴുതി തരുവാനില്ല/ ലഭിക്കാനില്ല എന്ന കാരണത്താൽ ഒരു വിദ്യാർത്ഥിക്കും അവസരം നഷ്ടമാകരുത് എന്ന ചിന്തയിലാണ് ഈ ആശയം ക്രമീകരിച്ചത്.

ജൂണിയർ വിഭാഗത്തിനുള്ള മാതൃക പ്രസംഗങ്ങൾ MJSSA കോട്ടയം ഭദ്രാസനത്തിന് വേണ്ടി തയ്യാറാക്കിയ **റവ. ഫാ. അഭിലാഷ് ഏബ്രഹാം വലിയവീട്ടിൽ, റവ. ഫാ. സഞ്ചു മാനുവൽ കിടങ്ങേത്ത്,** എന്നീ വൈദീകരോടുള്ള നന്ദി ഭദ്രാസന കമ്മിറ്റിക്ക് വേണ്ടി അറിയിക്കുന്നു. കുട്ടികൾ ഇവിടെ നൽകിയിട്ടുള്ള നാല് മാതൃക പ്രസംഗങ്ങളും വായിച്ച്, ആശയം നഷ്ടപ്പെടാതെ അദ്ധ്യാപകരുടെയും മാതാപിതാക്കളുടെയും സഹായത്തോടെ PDF ൽ നൽകിയിട്ടുള്ള വി.ഗ്രന്ഥത്തിൽ നിന്നുള്ള വാകൃങ്ങൾ കൂടി ഉൾപ്പെടുത്തി പ്രസംഗം പുനർക്രമീകരിക്കേണ്ടതാണ്. അതു വഴി ഒരേ മാതൃകയിൽ ഏവരും പ്രസംഗിക്കുന്നതും ഒഴിവാക്കാം. **Scoring Indicators** കൂടി മനസിലാക്കി മികച്ച രീതിയിൽ മത്സരത്തെ സമീപിക്കുവാൻ കുട്ടികൾക്ക് സാധിക്കട്ടെ. വിജയാശംസകൾ നേരുന്നു.

AVINESH ABRAHAM THANDASSERIL
DIRECTOR
M.J.S.S.A KOTTAYAM DIOCESE

M.J.S.S.A KOTTAYAM DIOCESE

**അവിനേഷ് തണ്ടാശ്ശേരിൽ**
ഭദ്രാസന ഡയറക്ടർ

https://mjssakottayamdiocese.com/kalolsavam

**2026 ലെ MJSSA കലോത്സവത്തിന് ഉപയോഗിക്കേണ്ട ആരാധനാഗീതങ്ങൾ**

**----------------------**

## A. ആരാധനാഗീതം മലയാളം

### വി.കുർബ്ബാനക്രമം : സ്ലീബാ നമസ്ക്കാരം

**---------------------**

**Song No: 42**

ഞാനെല്ലാം പരിശോധിച്ചു കർത്തൃ....

**https://youtu.be/qrpPabfC_Lk?si=9oBnaVRGup1x8iqG**

**Song No: 43**

കർത്താവേ! കൃപ ചെയ്യണമേ മാതൃ... **https://youtu.be/IqlKXKrUs04**

### വി.കുർബ്ബാനക്രമം : കൃംതാ നമസ്ക്കാരം

**----------------------**

**Song No: 44**

ഈ-നിന്നുത്ഥാനത്തിൻ നാൾ വംശത്തലയാം.... **https://youtu.be/I6pRXN_s2Rc**

**Song No: 45**

നിൻ മുറിവുകളീന്നേറ്റേൻ മൂറോൻ... **https://youtu.be/VL--MFtWIRU**

**Song No: 46**

രക്ഷാകരനേ നിൻ്റെ മുഖം കാണ്മതിനു.... **https://youtu.be/vJFyYWM-33M**

**Song No: 47**

കർത്താവേയാശ്വാസം നൽക ഉത്ഥാനത്തിൻ....

**Version 1** **https://youtu.be/UbI2IkR9gx8**

**Version 2** **https://youtu.be/qyXn6_JuxFw**

**Song No: 48**

മഹിമയൊടാക്കബേറീന്നു പുറ-പ്പെട്ടീസൃഷ്ടികളെ... **https://youtu.be/aY1MGQ8XgkQ**

**Song No: 49**

നാഥാ! നിൻ രാജ്യത്തിൻ മഹിമാ... **https://youtu.be/W6v_YXcXoWw**

### വി.കുർബ്ബാന ഗീതങ്ങൾ

**-------------------**

**Song No: 57**

അഗ്നിരഥത്തിൽ ആരോഹിതനാം ദൈവ... **https://youtu.be/33EHDew01Ug**

## വൈദീകരുടെ ശവസംസ്കാരം

------------------------

**Song No: 91**

നശ്വരമാം വീടേ!- എന്തിനു മോഹിപ്പിച്ചെന്നെ... **https://youtu.be/JJ6xllxg-68**

**Song No: 92**

സുവിശേ-ഷോൽസുകനായ നിൻമെയ് ... **https://youtu.be/JtYZQ20g9BQ**

**Song No: 93**

അ-ബ്രാമിൻ സുതനാമഹറോൻ... **https://youtu.be/m4DUBmffRxU**

**Song No: 94**

മൂശാനി നിബിതൻ മരണത്തിൻ ബഹുമാനാ... **https://youtu.be/dFzE1ymXI3w**

**Song No: 95**

ആചാര്യ - നിർമ്മ- ലചരിതാ സിദ്ധ-ഗണ... **https://youtu.be/TecX-tEq9xc**

**Song No: 96**

ശുചിയോടാ - ചാര്യാ -ർപ്പിതമാം ധൂപം... **https://youtu.be/b4M3Zeu34vY**

**Song No: 99**

രക്ഷകനേ! വാങ്ങിപ്പോ-യി നിന്നെ ശു-ശ്രൂഷി... **https://youtu.be/HgtbEI5XEJw**

**Song No: 100**

ഈ ആചാര്യന്നാശ്വാസം നൽകേണം നാഥാ!.... **https://youtu.be/e_ntR2gDGuA**

—

**@avinesh thandasseril, Director**

# B. ആരാധനാഗീതം സുറിയാനി

## വി.കുർബ്ബാന ഗീതങ്ങൾ

----------------

**Song No: 53**

ഹോ എദോനൊ ദസ്-ലൂസോ ഹോ....

**Version 1 https://youtu.be/1JsUvLr11UE**

**Version 2 https://youtu.be/8Oj8xqtPRqQ**

## വൈദീകരുടെ ശവസംസ്കാരം

---------------------

**Song No: 91**

ഓ ഉമറൊ ദ്സബ്നൊ ല്മൂൻ എസ്കെൽ.... https://youtu.be/6EaAES1Cufs

**Song No: 93**

ല്ബേശ് ആഫൂദോ ദ്കൊഹ്നൂസൊ അഹ്റൂൻ.. https://youtu.be/TVgz3Yu7I3k

**Song No: 97**

മോ ഫായോ ലോ ല്കൊഹസൂസൊ മാക്കി... https://youtu.be/4dr7T3i7kW0

**Song No: 100**

ല്കൊഹ് നോ ക് ആനീഹ് ബയ്നോസ്.... https://youtu.be/UetrqMRnJQk

**Website**

https://www.mjssakottayamdiocese.com

**Plz Subscribe the Channel for more videos**

**https://www.youtube.com/@MJSSAKOTTAYAMDIOCESE**

## 2026 ലെ MJSSA കലോത്സവത്തിന് ഉപയോഗിക്കേണ്ട ആരാധനാഗീതങ്ങൾ

-----------------------

MJSSA ക്രമീകരിച്ചു തന്ന തെരഞ്ഞെടുത്ത ആരാധനാഗീതങ്ങളിൽ നിന്നും 2026 ലെ കലോത്സവത്തിൽ ഉപയോഗിക്കുന്നതിനായി സിലബസ് പ്രകാരം, **ആരാധനാഗീതം മലയാളത്തിൽ Song No: 42 മുതൽ 65 വരെയും, 89 മുതൽ 100 വരെയുമുള്ള 35 ഗീതങ്ങളും, ആരാധനാഗീതം സുറിയാനിയിൽ Song No: 50, 53, 54, 57, 61, 62, 63, 90, 91, 93, 97, 100 എന്നീ പന്ത്രണ്ട് ഗീതങ്ങളുമാണ്** ഉപയോഗിക്കാവുന്നത്. ആയതിൽ ലഭ്യമായിട്ടുള്ള പാട്ടുകളുടെ ലിങ്ക് ഇതൊടൊപ്പം നൽകുന്നു.

**ശ്രദ്ധിക്കുക**

1. ഓരോ ഗീതവും അതാതു ശുശ്രൂഷകൾക്ക് പരി.സഭ നിഷ്കർഷിച്ചിരിക്കുന്ന രാഗങ്ങളിൽ (നിറം) മാത്രം ആലപിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. നിർബന്ധമായും നിറത്തിൽ ആലപിക്കേണ്ട ഗീതങ്ങളുടെ നിറം പാട്ടുബുക്കിൽ ഗീതത്തിന്റെ നമ്പറിന് ശേഷം നൽകിയിട്ടുണ്ട്.

2. രണ്ട് ഖണ്ഡികയോ, അതിലധികമോ ഉള്ള ഗീതങ്ങൾ യഥാക്രമം മൂന്ന് മിനിറ്റിൽ അവസാനിപ്പിക്കുന്ന രീതിയിൽ ഉപയോഗിക്കാവുന്നതാണ്.

പ്രസ്തുത ഗാനങ്ങൾ ക്രമീകരിക്കുന്നതിന് വേണ്ടി നേതൃത്വം നൽകിയ MJSSA ഭാരവാഹികൾക്കും കലോത്സവ കമ്മിറ്റി അംഗങ്ങൾക്കുമുള്ള നന്ദി അറിയിക്കുന്നു.

ഈ വർഷത്തെ കലോത്സവ ഗാനങ്ങൾ ഏവരിലേക്കും എത്തിച്ച് പരമാവധി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ശ്രമകരമായ യൂട്യൂബ് വീഡിയോകളും ഈ ലിങ്കും പൂർത്തിയാക്കിയിരിക്കുന്നത്. പരമാവധി കുട്ടികൾ പാട്ടുകൾ ശരിയായ വിധത്തിൽ പഠിച്ച് കലോത്സവത്തിലും മുന്നോട്ടുള്ള ജീവിതത്തിലും ഉപയോഗപ്രദമാകട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട്...



AVINESH ABRAHAM THANDASSERIL
DIRECTOR
M.J.S.S.A KOTTAYAM DIOCESE

**അവിനേഷ് തണ്ടാശ്ശേരിൽ**
കോട്ടയം ഭദ്രാസന ഡയറക്ടർ
**9061200790**

**https://mjssakottayamdiocese.com/kalolsavam**

**Social Media Platforms of MJSSA Kottayam Diocese**

| | |
|---|---|
| ***Website*** | **http://www.mjssakottayamdiocese.com** |
| ***YouTube Channel*** | https://www.youtube.com/@MJSSAKOTTAYAMDIOCESE |
| ***Facebook*** | https://www.facebook.com/M.J.S.S.A.KottayamDiocese |
| ***e-mail*** | mjssakottayamdiocese@gmail.com |